ശ്രീ. ജോസഫ് മുണ്ടശ്ശേരി: മലബാറിൽ ഒരു കൊല്ലം മുമ്പും തിരുവിതാംകൂർ–കൊച്ചിയിൽ മൂന്നു കൊല്ലം മുമ്പും വിദ്യാഭ്യാസനിയമത്തിലെ വ്യവസ്ഥയനുസരിച്ചു് നോട്ടീസു് കൊടുക്കണം.

ശ്രീ. ടി. ഓ. ബാവാ: രണ്ടും മൂന്നും ക്ലാസുകളിലെ പുസ്തകങ്ങൾ പ്രസിഡീകരിക്കുന്നതു് സംബന്ധിച്ചു് ചില വ്യവസ്ഥകൾ വിദ്യാഭ്യാസമന്ത്രി അംഗീകരിക്കുന്നതിനു വേണ്ടി താമസിക്കുന്നതുകൊണ്ടു് ഇങ്ങനെ സ്കൂൾ തുറക്കാൻ 15-ാംനു വരെ താമസിച്ചതാണെന്നു് പറയുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശരിയല്ല.

വക്കിംഗ് ജേണ്ണലിസ്റ്റിന്റെ വേജ് കമ്മിറ്റി റിപ്പോർട്ട്.

* 1693. [9] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കിംഗ് ജേണ്ണലിസ്റ്റിന്റെ വേജ് കമ്മിറ്റി ഗവണ്മെന്റിലേയ്ക്കുള്ള റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റി എന്നാണു് നിയമിച്ചതു്, ആരെല്ലാമാണു് അതിലെ അംഗങ്ങൾ;

(സി) എന്തെല്ലാം ശുപാർശകളാണു് വക്കിംഗ് ജേണ്ണലിസ്റ്റുകളുടെ വേതനം നിണ്ണയിക്കുന്നതിനെപ്പറ്റി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്?

മരാമത്തുവകുപ്പുമന്ത്രി: (ശ്രീ. ടി. അബ്ദുൽ മജീദു്):

(എ, ബി, സി.) ഈ ഗവണ്മെന്റു് കമ്മിറ്റിയെ നിയമിച്ചിട്ടില്ല. ഇൻഡ്യാഗവണ്മെന്റു് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടോ, ശുപാർശയോ ഈ ഗവണ്മെന്റു് കാണുകയുണ്ടായിട്ടില്ല.

ശ്രീ. പി. ഗോപാലൻ: ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൽമജീദു്: ആ റിപ്പോർട്ട് സുപ്രീംകോടതിയുടെ പരിശോധനയിലിരിക്കുകയാണു്.

ശ്രീ. ആർ. സുശീലൻ: ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണു്.

ശ്രീ. ടി. അബ്ദുൽ മജീദു്: മൂന്നു പത്രാധിപപ്രതിനിധികളും മൂന്നു പത്രമുടമകളും ലേബർ കമ്മീഷണറും പബ്ലിക്കു് റിലേഷൻസ് ഡയറക്ടറുമാണു്.

ജന്മിക്കരം.

* 1694. [10] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിവിഭാഗത്തിൽ ജന്മിക്കരം തീർച്ചപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നടപടികൾ എന്നത്തേയ്ക്കു് പൂർത്തിയാകുമെന്നു് വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂറിലെ ജന്മിക്കരം മിച്ചവില വ്യവസ്ഥകൾ കൊച്ചിശ്രോടി ബാധകമാക്കാൻ ഉദ്ദേശമുണ്ടോ? ഉണ്ടെങ്കിൽ ഏതു വകുതിയിൽ?

LIBRARY ARCHIVES Kerala Legislative Assembly